പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1840 7.3.2018 ൽ മറുപടിയ്ക്ക്

## വികലാംഗരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി

ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തശേഷം മരണമടയുന്ന അംഗപരിമിതരുടെ കടം എഴുതി തള്ളുന്നതിന് പദ്ധതിയുണ്ടോ; | (എ) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും എൻ.എച്ച്.എഫ്.ഡി.സി പദ്ധതി പ്രകാരമുള്ള വായ്പയാണ് നൽകി വരുന്നത്. 15.09.2017-ലെ സ.ഉ.(സാധാ) നം. 601/2017/സാ.നീ.വ. ഉത്തരവ് പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് മരണപ്പെട്ടവരുടെ ബാദ്ധ്യത പൂർണ്ണമായും എഴുതി തള്ളുന്നതിനായി ഉത്തരവായിട്ടുണ്ട്. |
| (ബി) എൻ.എച്ച്.എഫ്.ഡി.സി.യിൽ നിന്നും വായ്പയെടുത്ത ശേഷം മരണമടഞ്ഞവരുടെ വായ്പ പൂർണ്ണമായും എഴുതി തള്ളുന്നതിന് പദ്ധതിയുണ്ടോ; | (ബി) എൻ.എച്ച്.എഫ്.ഡി.സി.യിൽ നിന്നും വായ്പയെടുത്ത ശേഷം മരണമടഞ്ഞവരുടെ വായ്പ എഴുതി തള്ളുന്നതിന് ടി സ്ഥാപനത്തിന് പദ്ധതിയുണ്ട്. അത് പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നിരവധി തവണ എൻ.എച്ച്.എഫ്.ഡി.സി യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി യാതൊരു തുകയും എൻ.എച്ച്.എഫ്.ഡി.സി.യിൽ നിന്ന് ലഭിച്ചിട്ടില്ല. പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും മരണപ്പെട്ട എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും എൻ.എച്ച്.എഫ്.ഡി.സി.ക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (സി) എത്ര പേരുടെ വായ്പയാണ് ഇപ്രകാരം എഴുതി തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത ശേഷം മരണമടഞ്ഞ 28 പേരുടെ വായ്പ എഴുതി തള്ളുന്നതിന് 15.9.2017 ലെ സ.ഉ(സാധാ)നം.601/2017/സാ.നീ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ